പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 462 27.06.2019 - ൽ മറുപടിക്ക്.

## റേഷൻ കടകളുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ<br>,, യു. ആർ. പ്രദീപ്<br>,, എസ്.ശർമ്മ<br>ശ്രീമതി വീണാ ജോർജ്ജ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) റേഷൻ കടകളുടെ നവീകരണത്തിനായുള്ള തുക മുൻകൂറായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) യും (ബി) യും റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br>1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.<br>2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.<br>3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.<br>4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.<br>റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണം സംബന്ധിച്ച കാര്യങ്ങളും പരിഗണിച്ചുവരുന്നു. |
| (സി) റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് അവയുടെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻകടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന് സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻകടകൾ വഴി വിൽപ്പന നടത്തുന്നത് സംബന്ധിച്ചുള്ള പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. |

കൂടാതെ റേഷൻകടകൾ വഴി കുപ്പിവെള്ളവും, ശബരി ഉല്പന്നങ്ങളും വിൽക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 11.06.2019 ന് ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി റേഷൻ വ്യാപാരി സംഘടന പ്രതിനിധികളുമായി നടത്തിയ യോഗത്തിൽ കുപ്പിവെള്ളവും ശബരി ഉല്പന്നങ്ങളും മറ്റു ഉല്പന്നങ്ങളും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ഒരു താലൂക്കിൽ ഒരു കടയിൽ കുപ്പിവെള്ളം, ശബരി ഉല്പന്നങ്ങളും എന്നിവ വിൽപ്പന നടത്തുന്നത് സംബന്ധിച്ച പൈലറ്റ് പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

റേഷൻകടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം സംവിധാനം ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുടെ Expression of Interest (EoI) പരിശോധിച്ച് വരുന്നു.

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തെ ചില്ലറ റേഷൻ (ഡി) വ്യാപാരികൾക്ക് ലഭിക്കുന്ന അടിസ്ഥാന കമ്മീഷൻ എത്രയെന്നും ഭക്ഷ്യധാന്യങ്ങളുടെ വിൽപ്പനയ്ക്ക് ആനുപാതികമായി അധിക കമ്മീഷൻ ലഭിക്കുന്നതിന് ഇതിൽ വ്യവസ്ഥയുണ്ടോയെന്നും അറിയിക്കാമോ? | 45 ക്വിന്റൽ വരെ പ്രതിമാസ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് സപ്പോർട്ടീവ് പേയ്മെന്റ് ഉൾപ്പെടെ 18,000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കുന്ന രീതിയിൽ പുതിയ കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം 45 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിയ്ക്ക് 18,000/- രൂപയ്ക്ക് പുറമേ അധികമായി വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180/- രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതായിരിക്കും. |

**സെക്ഷൻ ഓഫീസർ**